**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6505** **10-07-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിഭാഗക്കാർക്ക് സർക്കാർ നൽകുന്ന സഹായങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | **സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സയും ആരോഗ്യ സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. ഈ പദ്ധതി പ്രകാരം സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭ്യമല്ലാത്ത മരുന്നുകൾ മറ്റ് മെഡിക്കൽ സ്റ്റോറുകളിൽ നിന്നും വാങ്ങുന്നതിനും ലാബ് ടെസ്റ്റുകൾ മറ്റ് സ്ഥാപനങ്ങളിൽ ചെയ്യുന്നതിനും, രോഗികൾക്ക് ചികിത്സയ്ക്കായി അത്യാവശ്യം വേണ്ടിവരുന്ന ചികിത്സാ ഉപകരണങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പുറത്തു നിന്നും ലഭ്യമാക്കുന്നതിനുള്ള ചെലവ് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിന്നും ചെലവഴിക്കുന്നുണ്ട്. കൂടാതെ, സർക്കാർ ആശുപത്രികളിൽ ലഭ്യമല്ലാത്ത ചികിത്സ സ്വകാര്യ ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതിന് 1 ലക്ഷം രൂപ വരെ പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നേരിട്ടും ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ വരുന്ന തുക മന്ത്രിസഭയുടെ അംഗീകാരത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് നൽകുന്നു.** |
| (ബി) | പ്രാക്തന ഗോത്രവിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാരുടെ നിരക്ഷരത തുടച്ചുനീക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ? | (ബി) | **പ്രാക്തന ഗോത്ര വിഭാഗം ഉൾപ്പെടെയുള്ള പട്ടികവർഗ്ഗക്കാരുടെ നിരക്ഷരത തുടച്ച് നീക്കുന്നതിനുവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് സാക്ഷരത മിഷൻ, തദ്ദേശ സ്വയംഭരണം, വനം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി സഹകരിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. പ്രധാന പദ്ധതി പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

## അനുബന്ധം.

1. **ആശ്രമം സ്കൂളുകൾ** – സംസ്ഥാനത്തെ പി.വി.റ്റി.ജി. വിഭാഗത്തിലെ കുട്ടികൾക്കു മാത്രമായി **4** ആശ്രമം (എം.ആർ.എസ്) സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

2. **സാമൂഹ്യപഠനമുറി**

പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക, വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുക, പഠനാഭിമുഖ്യം വളർത്തുക എന്നീ ലക്ഷ്യങ്ങൾ മുൻ നിർത്തി സ്കൂളുകളിൽ നിന്നും ഊരുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് പഠന സൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്നതിനായി **2017-18** വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സാമൂഹ്യപഠനമുറി. സംസ്ഥാനത്ത് **364** സാമൂഹ്യപഠനമുറി പ്രവർത്തിച്ചുവരുന്നുണ്ട്. പഠന കേന്ദ്രങ്ങളിൽ ടീച്ചർ/ഫെസിലിറ്റേറ്റർമാരുടെ സേവനം അടക്കം ലഭ്യമാണ്.

3. **ഗോത്രബന്ധു പദ്ധതി**

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണ് ഗോത്രബന്ധു. കൊഴിഞ്ഞുപോക്ക് പ്രധാനമായും ഉള്ള വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി **326** മെന്റർ ടിച്ചർമാരെ നിയമിച്ചിട്ടുണ്ട്.

4. **വിദ്യാവാഹിനി**

ദുർഘടവും യാത്രാക്ലേശം ഉള്ളതുമായ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ **1** മുതൽ **10** വരെ പഠിക്കുന്ന വിദ്യാർത്ഥികളെ അടുത്തുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ എത്തിക്കുന്ന പദ്ധതിയാണിത്.

5. **രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം**

പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും **75%** ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം **500/-** രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**6.** സാക്ഷരത മിഷൻ മുഖേന നടപ്പിലാക്കുന്ന കോഴ്സുകളിലെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള കോഴ്സ്ഫീസ്, പരീക്ഷ ഫീസ് മുതലായ ഫീസുകൾ വകുപ്പ് അനുവദിച്ച് നൽകുന്നുണ്ട്.

**7.** വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം സംബന്ധിച്ച് പട്ടികവർഗ്ഗക്കാർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് സാക്ഷരതാമിഷൻ, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, പ്രൊമോട്ടർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി പ്രാക്തന ഗോത്ര വിഭാഗങ്ങളിലെ കുട്ടികൾക്ക് പ്രത്യേക മുൻഗണന നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ